# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ

## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്

### തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 14.01.2020

**അഗസ്ത്യാർകൂട സന്ദർശനം തുടങ്ങി;**
**മല കയറാൻ ഇത്തവണ 170 സ്ത്രീകൾ**

ബോണക്കാട് ഫോറസ്റ്റ് പിക്കറ്റ് സ്റ്റേഷനിൽ നിന്ന് മൂന്നു സ്ത്രീകടങ്ങുന്ന 116 അംഗ ആദ്യ സംഘം പുറപ്പെട്ടതോടെ ഈ വർഷത്തെ അഗസത്യാർകൂട സന്ദർശനത്തിന് തുടക്കമായി. ജനു. 8 ന് രജിസ്ട്രേഷൻ ആരംഭിച്ച് മണിക്കൂറുകൾക്കുള്ളിൽ തന്നെ മുഴുവൻ പ്രവേശന പാസുകളും ബുക്കുചെയ്തു കഴിഞ്ഞിരുന്നു. ഇത്തവണ 3600 പേരാണ് മലകയറുക. ഇതിൽ 170 പേരും സ്ത്രീ കളാണ്. രണ്ടുപേർ വിദേശികളും.

സ്ത്രീകൾക്ക് പ്രത്യേക പരിഗണന നൽകില്ലെന്ന അറിയിപ്പുണ്ടെങ്കിലും ഇത്തവണ സ്ത്രീ പങ്കാളിത്തം കഴിഞ്ഞതവണത്തേതിനേക്കാൾ വളരെ കൂടുതൽ. കഴിഞ്ഞ തവണ 103 പേരാ ണ് മല ചവിട്ടിയത്. ആദ്യമായി സ്ത്രീകൾക്ക് അഗസത്യാർ കൂട ട്രക്കിംഗിന് വകുപ്പ് അനുമതി നൽകിയത് കഴിഞ്ഞ സന്ദർശനകാലത്തായിരുന്നു. ഫെബ്രുവരി 18 വരെ നീളുന്ന സന്ദർശനകാല ത്ത് പ്രത്യേകം പരിശീലനം സിദ്ധിച്ച 32 ഗൈഡുകളും വനപാലകരും സന്ദർശകർക്ക് വഴികാട്ടിക ളാവും. പത്തുപേരടങ്ങുന്ന ഓരോ ഗ്രൂപ്പിനും ഒരു ഗൈഡിന്റെ സേവനം ലഭ്യമാകും. അതിരുമല ബേസ് ക്യാമ്പിൽ 24 മണിക്കൂർ രണ്ട് വനിതാ വനപാലകരുടെ സാന്നിധ്യവും ഉറപ്പുവരുത്തിയിട്ടു ണ്ട്

വന്യജീവികളുടെ സാന്നിധ്യവും വഴി ദുർഘടവുമായതിനാൽ 14 വയസ്സിൽ താഴെയുള്ള കുട്ടികൾക്ക് സന്ദർശനാനുമതി നൽകിയിട്ടില്ല. ലാത്തിമൊട്ട, കരമനയാർ, അട്ടയാർ, എഴുമടക്കൻ തേരി, അതിരുമല എന്നിവിടങ്ങളിൽ ഇടത്താവളങ്ങളൊരുക്കിയിട്ടുള്ളത്. അതിരുമലയിൽ മാത്രമാ ണ് താമസസൗകര്യം.ബോണക്കാട് പിക്കറ്റ് സേറ്റഷൻ. അതിരുമല ക്യാമ്പ് സ്റ്റേഷൻ എന്നിവിടങ്ങ ളിൽ ക്യാന്റീൻ സൗകര്യവും വകുപ്പ് ഉറപ്പാക്കിയിട്ടുണ്ട്. ടിക്കറ്റ് പ്രിന്റ് ഔട്ടിന്റെ പകർപ്പും ഫോട്ടോ പതിച്ച തിരിച്ചറിയൽ കാർഡിന്റെ അസ്സലും സഹിതം ബോണക്കാടുള്ള ഫോറസ്റ്റ് പിക്കറ്റ് സ്റ്റേഷനിൽ ട്രക്കിംഗ് ദിവസം രാവിലെ 7 മണിക്ക് തന്നെ സന്ദർശകർ എത്തിച്ചേരേണ്ടതാണ്. എട്ടു മുതൽ പതിനൊന്ന് വരെയാണ് സന്ദർശകരെ കയറ്റിവിടുക. സന്ദർശകർ പൂജാദ്രവ്യങ്ങൾ, പ്ലാസ്റ്റിക്, മദ്യം, മറ്റ് ലഹരി പദാർത്ഥങ്ങൾ എന്നിവ കൊണ്ടുപോകുന്നത് കർശനമായി നിരോധിച്ചിട്ടുണ്ട്. വനത്തിനുള്ളിൽ പുകവലി, ഭക്ഷണം പാകം ചെയ്യൽ എന്നിവയും അനുവദിക്കുന്നതല്ല. നിരോധനം ലംഘിക്കുന്നവർക്കെതിരെ പിഴയും തടവുമടക്കമുള്ള കർശന നടപടികൾ സ്വീകരിക്കും.

ബോണക്കാട് ഫോറസ്റ്റ് പിക്കറ്റ് സ്റ്റേഷനിൽ നടന്ന ചടങ്ങിൽ ബോണക്കാട് പ ഞ്ചായത്ത് അംഗം സതീഷ് കുമാർ അദ്യസംഘത്തെ ഫ്ലാഗ് ഓഫ് ചെയ്ത് യാത്രയാക്കി. സന്ദർശ കർക്ക് കാട്ടുതീ സംബന്ധമായ പ്രത്യേക പഠനക്ലാസും സംഘടിപ്പിച്ചു. ചടങ്ങിൽ തിരുവനന്തപുരം വന്യജീവി വാർഡൻ ജെ ആർ അനി,അസിസ്റ്റന്റ് വൈൽഡ് ലൈഫ് വാർഡൻമാരായ ജെ സുരേഷ്, സതീശൻ എൻ വി, ബോണക്കാട് ഇ ഡി സി പ്രസിഡന്റ് മാഹീൻ തുടങ്ങിയവരും സംബന്ധിച്ചു.

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**